**File No.LSGD-FM2/200/2019-LSGD**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- തൃശ്ശൂർ ജില്ല- തളിക്കുളം ബ്ലോക്ക് പഞ്ചായത്ത് 22-മത് തൃപ്രയാർ നാടകോത്സവത്തിന് തനത് ഫണ്ടിൽ നിന്നും തുക നൽകുന്നതിനുള്ള യഥേഷ്ടാനുമതി നൽകി-- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

---

**സ.ഉ.(സാധാ) നം.2669/2019/ത.സ്വ.ഭ.വ** തിരുവനന്തപുരം,
**തീയതി,26/11/2019**

---

പരാമർശം:-1. തളിക്കുളം ബ്ലോക്ക്പഞ്ചായത്തിന്റെ 13/08/2019ലെ 6/1 നമ്പർ തീരുമാനം

2. തളിക്കുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 09/10/2019 ലെ കത്ത്.

**<u>ഉത്തരവ്</u>**

വർഷംതോറും നടത്തിവരാറുള്ള തൃപ്രയാർ നാടകോത്സവം 2019 ഒക്ടോബർ 13 മുതൽ 22 വരെ തൃപ്രയാറിൽ വച്ച് നടക്കുകയാണെന്നും ,ടി പരിപാടിയ്ക്കായി ബ്ലോക്ക് പഞ്ചായത്ത് 25,000/- രൂപ സംഭാവന നല്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും,ടി തുക ബ്ലോക്ക് പഞ്ചായത്തിന്റെ തനതു ഫണ്ടിൽനിന്ന് അനുവദിക്കുന്നതിനുള്ള അനുമതി നൽകണമെന്നും പ്രസിഡന്റ് പരാമർശം (2) കത്ത് പ്രകാരം അപേക്ഷിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃപ്രയാർ നാടകോത്സവത്തിന്റെ ചെലവുകൾക്കായി തളിക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും 10,000/- രൂപ (പതിനായിരം രൂപ)അനുവദിക്കുന്നതിനുള്ള യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**ബീനമോൾ കെ ജെ**

**ഡെപ്യൂട്ടിസെക്രട്ടറി**

പ്രസിഡന്റ്/സെക്രട്ടറി , തളിക്കുളം ബ്ലോക്ക് പഞ്ചായത്ത്

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ